ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 11.06.2025**

## പ്രധാനവാർത്തകൾ

1. സുസ്ഥിരതയും ദീർഘവീക്ഷണവും രാജ്യത്തെ അടിസ്ഥാന സൗകര്യമേഖലയിലെ പുതുതലമുറ വികസനത്തിന് കരുത്തു പകരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. ആക്സിയം-4 ബഹിരാകാശ ദൗത്യത്തിന്റെ വിക്ഷേപണം വീണ്ടും മാറ്റി വച്ചു.

3. അഴീക്കലിൽ നിന്ന് 44 നോട്ടിക്കൽ മൈൽ അകലെ തീപിടുത്തമുണ്ടായ കപ്പലിലെ രക്ഷാപ്രവർത്തനം തുടരുന്നതായി തീരസംരക്ഷണ സേന.

4. സംസ്ഥാനത്ത് കാലവർഷം വീണ്ടും സജീവം. അടുത്ത 6 ദിവസം വ്യാപക മഴയ്ക്ക് സാധ്യത. 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

5. നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിലയിരുത്തി തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ. പുതുതായി 59 പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിക്കും.

6. 2026 ഫിഫ ലോകകപ്പ് മത്സരങ്ങൾക്ക് യോഗ്യത നേടി ബ്രസീലും ഇക്വഡോറും. ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിന് ഇന്ന് തുടക്കം.

****************************

RNU TVPM

## പ്രധാനമന്ത്രി

രാജ്യത്ത് അടിസ്ഥാന സൗകര്യമേഖലയിലെ പുതുതലമുറ വികസനത്തിൽ സുസ്ഥിരതയും ദീർഘവീക്ഷണവും കരുത്തു പകരുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സ്വാശ്രയ ഇന്ത്യയ്ക്ക് അടിത്തറ പാകുന്ന, പതിനൊന്നാം വർഷത്തെ അടിസ്ഥാന സൗകര്യ വികസന വിപ്ലവമാണിതെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. റെയിൽവേ മുതൽ ഹൈവേകൾ വരെയും തുറമുഖങ്ങൾ മുതൽ വിമാനത്താവളങ്ങൾ വരെയും അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന രാജ്യത്തിൻറെ അടിസ്ഥാന സൗകര്യ ശൃംഖല ജീവിത സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

***************************

## ആക്സിയം-4

ഇന്ത്യയുടെ ബഹിരാകാശയാത്രികനായ ശുഭാൻഷു ശുക്ല ഉൾപ്പടെയുള്ളവരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് എത്തിക്കുന്ന ആക്സിയം-4 ന്റെ വിക്ഷേപണം വീണ്ടും മാറ്റിവച്ചതായി കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. വിക്ഷേപണ വാഹനം ഫാൽക്കൺ 9-ൻ്റെ ഏഴ് സെക്കൻഡ് നീണ്ട പരീക്ഷണത്തിനിടെ ദ്രവീകൃത ഓക്സിജൻ ചോർച്ച കണ്ടെത്തിയ സാഹചര്യത്തിലാണ് വിക്ഷേപണം മാറ്റിയതെന്ന് അദ്ദേഹം സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു. എ എസ് ആർ ഒ, ആക്സിയം, സ്പേസ് എക്സ് വിദഗ്ദരുടെ വിലയിരുത്തലിന് ശേഷമാണ് തീരുമാനമെന്നും ശ്രീ.ജിതേന്ദ്ര സിംഗ് അറിയിച്ചു.

***************************

RNU TVPM

## കപ്പൽ - തെരച്ചിൽ (ഇൻട്രോ)

കേരളത്തിലെ അഴീക്കലിൽ നിന്ന് 44 നോട്ടിക്കൽ മൈൽ അകലെ തീപിടുത്തമുണ്ടായ കപ്പലിലെ രക്ഷാപ്രവർത്തനം തുടരുന്നതായി തീരസംരക്ഷണ സേന അറിയിച്ചു. കൊളംബോയിൽ നിന്ന് മുംബൈയിലേക്ക് പോകുകയായിരുന്ന സിംഗപ്പൂർ ചരക്ക് കപ്പലിൽ ഉണ്ടായിരുന്ന 22 പേരിൽ കാണാതായ നാലു പേർക്കു വേണ്ടിയുള്ള തെരച്ചിൽ ഊർജിതമാക്കി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി **നസീർ ബാബു....**

(വോയിസ്)

*****************************

## യോഗ - രജിസ്ട്രേഷൻ

അന്താരാഷ്ട്ര യോഗാദിനത്തിൻറെ ഭാഗമായി രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ യോഗ പരിശീലിന ക്യാമ്പുകൾ തുടങ്ങി. ഈമാസം 21 ന് സംസ്ഥാനത്തെ അങ്കണവാടി കേന്ദ്രങ്ങളിൽ ഉൾപ്പെടെ വിവിധ മേഖലകളിലായി യോഗാ ദിനം വിപുലമായി ആചരിക്കും. ***ഭൂമിക്കും ഏകാരോഗ്യത്തിനുമായി യോഗ*** എന്നതാണ് ഈ വർഷത്തെ യോഗാ ദിനാചരണ പ്രമേയം. ഒരു ലക്ഷം സ്ഥലങ്ങളിൽ യോഗ സംഗമം സംഘടിപ്പിക്കാനാണ് ആയുഷ് മന്ത്രാലയം ലക്ഷ്യമിടുന്നത്.

*****************************

## മഴ

സംസ്ഥാനത്ത് കാലവർഷം വീണ്ടും സജീവമാകുന്നു. അടുത്ത 6 ദിവസം വ്യാപകമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് പത്തനംതിട്ട, ആലപ്പുഴ,

RNUTVPM

കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് നാളെ മുതൽ ഈ മാസം 14 വരെ മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്കേർപ്പെടുത്തി.

***************************

## കൊട്ടിയൂർ - കെ.എസ്.ആർ.ടി.സി (ഇൻട്രോ)

കണ്ണൂർ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് തീർത്ഥാടകർക്കായി കെ.എസ്.ആർ.ടി.സി യുടെ ബജറ്റ് ടൂറിസം സെൽ 100 ട്രിപ്പുകൾ സജ്ജമാക്കി. ഇന്ന് തീർത്ഥാടകർ വൈക്കം ഡിപ്പോയിൽ നിന്നും കൊട്ടിയൂരിൽ എത്തിച്ചേരും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ......

(വോയിസ്)

***************************

## നിലമ്പൂർ -ഉപതിരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി വരികയാണെന്ന് ജില്ലാ കളക്ടർ വി.ആർ.വിനോദ്. ഇത്തവണ ഒരു പോളിംഗ് സ്റ്റേഷനിലെ വോട്ടർമാരുടെ എണ്ണം പരമാവധി 1100-ൽ താഴെയാകുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിനായി പുതുതായി 59 പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇവിടങ്ങളിൽ വൈദ്യുതി, കുടിവെള്ളം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും ശ്രീ. വിനോദ് അറിയിച്ചു. ജില്ലാ

RNUTVPM

പോലീസ് മേധാവി ആർ.വിശ്വനാഥും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

****************************

## പ്ലസ് വൺ- രണ്ടാംഘട്ടം

സംസ്ഥാനത്തെ പ്ലസ് വൺ രണ്ടാം ഘട്ട പ്രവേശനം ഇന്ന് അവസാനിക്കും. അലോട്ട്മെന്റ് ലഭിച്ചവർക്ക് ഇന്ന് വൈകിട്ട് അഞ്ചു മണി വരെ അതത് സ്കൂളിൽ പ്രവേശനം നേടാം.

സംസ്ഥാന പോളിടെക്നിക് ഡിപ്ലോമ പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷ സമർപ്പണ തീയതി ഈമാസം 16 വരെ ദീർഘിപ്പിച്ചു.

****************************

## ക്രിക്കറ്റ്

ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിന് ഇന്ന് തുടക്കം. ദക്ഷിണാഫ്രിക്കയും ഓസ്ട്രേലിയയും തമ്മിലാണ് പോരാട്ടം. ഈമാസം 15 വരെയാണ് മത്സരം. ലണ്ടനിലെ ലോഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് ശേഷം 3.30 ന് കളി ആരംഭിക്കും.

RIJUTVPM

****************************

## ഫിഫ ലോകകപ്പ്

2026 ഫിഫ ലോകകപ്പ് മത്സരങ്ങൾക്ക് ബ്രസീലും ഇക്വഡോറും യോഗ്യത നേടി. ലോകകപ്പ് യോഗ്യതാ പോരാട്ടത്തിൽ പരാഗ്വേയ്ക്കെതിരെ നിർണായക വിജയം നേടിയതോടെയാണ് ബ്രസീൽ യോഗ്യത ഉറപ്പിച്ചത്. അതേസമയം പെറുവിനെതിരെ ഗോൾരഹിത സമനില വഴങ്ങിയതിനെത്തുടർന്നാണ് ഇക്വഡോർ ലോകകപ്പ് യോഗ്യത നേടിയത്.

****************************

## ശബരിമല

മിഥുന മാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ശനിയാഴ്ച വൈകിട്ട് അഞ്ചിന് തുറക്കും. മിഥുനം ഒന്നായ 15 മുതൽ 19 വരെ പതിവു ചടങ്ങുകളും പൂജകളും നടക്കും. 19 ന് രാത്രി പത്തിന് നട അടയ്ക്കും. ദർശനത്തിന് വെർച്വൽ ക്യൂ ബുക്ക് ചെയ്യണം.

****************************

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിലെ മലയോര മേഖലയിലെ ജനങ്ങൾ നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളുടെ ഭീഷണിയിലാണ്. അട്ടപ്പാടി മംഗലംഡാം നെല്ലിയാമ്പതി കഞ്ചിക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ ജനവാസ മേഖലകളിൽ ആനയും കടുവയും അടക്കം വന്യമൃഗങ്ങളുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്യുതതോടെ ഭീതിയിലാണ് നാട്ടുകാർ.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി **ഫൈസൽ അലിമുത്ത്.....**

(വോയിസ്)

RNU TVPM

****************************

## തൊഴിൽ മേള

ആലപ്പുഴയിൽ മൈക്രോ തൊഴിൽ മേള സംഘടിപ്പിക്കുന്നു. വരുന്ന ശനിയാഴ്ച രാവിലെ 9.30 മുതൽ ചേർത്തല ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലാണ് തൊഴിൽ മേള നടക്കുന്നത്. 20 കമ്പനികളിലായി 9,000 ഒഴിവുകൾ ഉണ്ട്. സംസ്ഥാന സർക്കാരിന്റെ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം

എന്ന ഓൺലൈൻ പോർട്ടലിലൂടെ ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം.

***************************

## പള്ളിവാസൽ ജലവൈദ്യുത പദ്ധതി

60 മെഗാ വാട്ടായി ഉത്പാദനം വർധിപ്പിക്കുന്ന പള്ളിവാസൽ ജല വൈദ്യുത പദ്ധതിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് സ്വാഗത സംഘം രൂപീകരണ യോഗം ചേർന്നു. എം.എം മണി എംഎൽഎ യോഗം ഉദ്ഘാടനം ചെയ്തു. വൈദ്യുതി ഉൽപാദനവും കാര്യക്ഷമതയും വർധിപ്പിക്കുകയാണ് ലക്ഷ്യമെന്ന് ശ്രീ.എം.എം.മണി പറഞ്ഞു. യോഗത്തിൽ എ. രാജ എംഎൽഎ അധ്യക്ഷത വഹിച്ചു.

***************************

## ഷഹബാസ് വധക്കേസ്

താമരശ്ശേരി ഷഹബാസ് വധക്കേസിൽ കുറ്റാരോപിതരായ ആറ് വിദ്യാർഥികൾക്ക് ഹൈക്കോടതി ജാമ്യം അനുവദിച്ചു. കുട്ടികൾ അന്വേഷണത്തോട് സഹകരിക്കുമെന്ന് മാതാപിതാക്കൾ സത്യവാങ്മൂലം നൽകണമെന്ന് കോടതി നിർദേശം നൽകി.

RNU TVPM

***************************

## ഹൈക്കോടതി

മകന്റെ പതിനൊന്നാം ക്ലാസ് പ്രവേശനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി തടവുകാരന് 7 ദിവസത്തെ അവധി അനുവദിച്ച് കേരള ഹൈക്കോടതി. പരോളിനായി ശ്രമിച്ചെങ്കിലും ഇത്തരമൊരു നടപടിയ്ക്ക് വ്യവസ്ഥയില്ലാത്തതിനാൽ കുട്ടിയുടെ അമ്മ ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു. SSLC പരീക്ഷയിൽ 6 A+ , 2 A ഉൾപ്പെടെ നേടിയ കുട്ടിയുടെ മാർക്ക് ലിസ്റ്റ് കോടതിയിൽ ഹാജരാക്കി. ഉപരിപഠനത്തിന് പ്രവേശനം

നേടുന്നതിന് പിതാവിൻ്റെ സഹായം തേടുന്ന മിടുക്കനായ കുട്ടിയുടെ അഭ്യർത്ഥനയ്ക്ക് മുന്നിൽ നീതിപീഠത്തിന് കണ്ണടയ്ക്കാൻ കഴിയില്ലെന്ന് ജസ്റ്റിസ് പി.വി.കുഞ്ഞികൃഷ്ണൻ പറഞ്ഞു.

***************************

## രാഹുൽ ഗാന്ധി- പിന്നാക്ക വിഭാഗം

പാർശ്വവൽക്കരിക്കപ്പെട്ട സമുദായങ്ങളിലെ വിദ്യാർത്ഥികളുടെ ആശങ്കകൾ ഉന്നയിച്ച് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്ത് എഴുതി. പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ ബാധിക്കുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണമെന്ന് കത്തിൽ ആവശ്യപ്പെട്ടു. ഇവർക്കായുള്ള റെസിഡൻഷ്യൽ ഹോസ്റ്റലുകളിലെ അവസ്ഥ മോശമാണെന്നും സ്കോളർഷിപ്പ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായും 'അദ്ദേഹം കത്തിൽ പറഞ്ഞു. ബിഹാറിലെ അംബേദ്കർ ഹോസ്റ്റൽ സന്ദർശിക്കുന്നതിനിടെയാണ് വിദ്യാർത്ഥികളിൽ നിന്ന് നേരിട്ട് പരാതി ലഭിച്ചതെന്നും ശ്രീ രാഹുൽ ഗാന്ധി അറിയിച്ചു.

RNU TVPM

***************************

## സിവിൽ ഡിഫൻസ്

സിവിൽ ഡിഫൻസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 5,040 സിവിൽ ഡിഫൻസ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. സന്നദ്ധ പ്രവർത്തനത്തിന് താല്പര്യമുള്ളതും 18 നും 50 നും ഇടയിൽ പ്രായമുള്ളതുമായ എല്ലാവർക്കും സിവിൽ ഡിഫൻസിൽ രജിസ്റ്റർ ചെയ്യാം.

****************************************************************************************************

***************************